തികച്ചും സ്വതന്ത്രങ്ങളായ പ്രാദേശിക സമിതികളാണ് ഈ ക്ഷേത്രങ്ങൾ നിർമിക്കുന്നത്. ലാഭമുണ്ടാക്കാത്ത സ്ഥാപനങ്ങളാകയാൽ ഇവയ്ക്ക് അമേരിക്കൻ ഗവണ്മെൻറ് നികുതിയിളവു നല്കുന്നു. ഹ്യൂസ്റ്റണിൽ മീനാക്ഷിക്ഷേത്രം നിർമിച്ച 'ശ്രീ മീനാക്ഷി സൊസൈററി'യുടെ പ്രസിഡണ്ട് ഇപ്പോൾ മദ്രാസിലുള്ള സി. വി. നരസിംഹൻ ആണ്. പ്രസിദ്ധ ഭൗതിക ശാസ്ത്രജ്ഞനായ ഡോ. ഇ. സി. ജി. സുദർശനൻ ഈ സൊസൈററിയുടെ ഭരണസമിതിയിൽ അംഗമാകുന്നു. ഈ ക്ഷേത്രങ്ങൾക്ക് ആവശ്യമുള്ള സഹായങ്ങൾ അതാത് അവസരത്തിൽ നല്കുന്നതിനായി 'ഭാരതീയ ഇൻറർനാഷണൽ ട്രസ്റ്റ്'' എന്ന പേരിൽ ഒരു സ്ഥാപനം മദ്രാസ്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പിററ്സ്ബർഗ് ക്ഷേത്രത്തിനു തിരുപ്പതി ദേവസ്ഥാനത്തോടും, ഹ്യൂസ്റ്റൺ ക്ഷേത്രത്തിന് മധുര ദേവസ്ഥാനത്തോടും, പണിയാനുദ്ദേശിക്കുന്ന ഷിക്കാഗോക്ഷേത്രത്തിന് ഭദ്രാചലം ക്ഷേത്രത്തോടും സവിശേഷ ബന്ധങ്ങളുണ്ടായിരിക്കും. ശില്പകലയിലെ ഹൈന്ദവ പാരമ്പര്യം പരമാവധി പുലർത്തിക്കൊണ്ടാണ് അമേരിക്കയിലെ ഈ ക്ഷേത്രങ്ങൾ നിർമിക്കുന്നത്.

അമേരിക്കയിലെ എല്ലാ ക്ഷേത്രങ്ങളും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുന്നതു സാദ്ധ്യമാക്കുന്നതിനുള്ള സംവിധാനം ക്രമേണ ഉണ്ടാകണമെന്നാണ് പ്രവർത്തകർ ആഗ്രഹിക്കുന്നത്. ഓരോ ക്ഷേത്രവും ഓരോ സാംസ്കാരിക കേന്ദ്രം കൂടിയായിരിക്കും. പിററ്സ്ബർഗ് ക്ഷേത്രത്തിൽ കുട്ടികൾക്കുള്ള ഒരു വേനൽക്കാല ക്യാമ്പ് ഇതിനകം സംഘടിപ്പിക്കപ്പെടുകയുണ്ടായി.

ഈ ക്ഷേത്രങ്ങളിൽനിന്നുള്ള ആദായത്തിൽ ഒരു ഭാഗം ഇന്ത്യയിലെ ക്ഷേത്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നതായിരിക്കും. ഇതൊരു പരസ്പര സഹായാടിസ്ഥാനത്തിലാണ്. ന്യൂയോർക്കിലേയും പിററ്സ്ബർഗിലേയും ക്ഷേത്രങ്ങൾ ഇതിനകം തിരുപ്പതിയിൽ വിദേശീയ തീർത്ഥയാത്രികർക്കുവേണ്ടി നാലു ഫ്ളാററുകൾ നിർമിച്ചു കഴിഞ്ഞിട്ടുണ്ട്. ആന്ധ്രപ്രദേശത്തിൽ മേദക് ജില്ലയിലുള്ള മല്ലികാർജുന ക്ഷേത്രത്തിൻെറ പുനരുദ്ധാരണത്തിനും, ഈ ക്ഷേത്രത്തിനു ചുററുമായി ചില സാമൂഹ്യ—വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും, അമേരിക്കൻ ക്ഷേത്രക്കമ്മററികൾ സഹായം നല്കുന്നുണ്ട്. ഇതിനായി അവർ അമ്പതിനായിരം ഡോളർ പിരിച്ചെടുത്തു കഴിഞ്ഞു. അമേരിക്കയിൽനിന്നു കിട്ടുന്ന തുകയോളംതന്നെ വരുന്ന ഒരു തുക പ്രാദേശികമായി ഇന്ത്യയിലും പിരിച്ചെടുക്കണമെന്ന വ്യവസ്ഥയിലാണ് ഈ സഹായം നല്കപ്പെടുന്നത്.

# 65. വിഷമദ്യം

ഹ്രസ്വതയ്ക്ക് കുപ്രസിദ്ധി നേടിയ പൊതുജനങ്ങളുടെ സ്മരണയിൽപ്പോലും 1982-ലെ ഓണം വളരെ ആണ്ടുകളോളം പുകഞ്ഞു കിടക്കാതിരിക്കയില്ല. ചുരുങ്ങിയത് എഴുപതു പേർക്കെങ്കിലും മരണവും ഇരുപതു പേർക്കെങ്കിലും ശാശ്വതവും പൂർണവുമായ അന്ധതയും എത്രയോ ആളുകൾക്ക് ഭാഗികമായ കാഴ്ചക്കുറവും സമ്മാനിച്ച കൊച്ചിക്കടുത്തുള്ള വൈപ്പ്ദ്വീപിലെ ചാരായ ദുരന്തം സംഭവിച്ചത് ഈയാണ്ടിലെ ഓണദിവസമാണല്ലോ.

'ചെത്തരുത്, വില്ക്കരുത്, കുടിക്കരുത്'' എന്ന് ഉപദേശിച്ച ശ്രീനാരായണഗുരുസ്വാമികളുടെ അസ്ഥികൾ ഈ ചതയദിനത്തിൽ വർക്കലയിലെ

സമാധിത്തറയ്ക്കു കീഴിൽ കിടന്ന് കിടുകിടുത്തിരിക്കണം. അന്നാണല്ലോ ഈ ചാരായ ദുരന്തത്തിലെ ആദ്യ രക്തസാക്ഷികൾ ആസ്പത്രിയിൽവെച്ച് ഊർദ്ധ്വശ്വാസം വലിച്ചത്.

വിഷമദ്യം കുടിച്ച് ഈച്ചകൾപോലെ ആളുകൾ പിടഞ്ഞു ചാവുന്നത് ഇന്ത്യയിൽ അസാധാരണമല്ല. കേരളത്തിലും ഇത്തരം സംഭവങ്ങളുടെ പുതുമ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ ആണ്ടിൽ (1981 ഫെബ്രുവരി 15) പുനലൂരിലും ചടയമംഗലത്തും പ്ലാസ്റ്റിക് ബാഗുകളിൽ അടച്ച് മുറുക്കാൻ കടകളിൽപ്പോലും വിററിരുന്ന വിഷമദ്യം കുടിച്ച് നാല്പത്തിരണ്ട് ആളുകളെങ്കിലും മരിച്ചത് ഇവിടത്തെ ആളുകളുടെ ഓർമയിൽ ഇന്നും നീറിക്കിടക്കുന്നുണ്ട്. ഇക്കഴിഞ്ഞ മാർച്ച് 22-ാം തീയതി തൃശൂരിനടുത്ത് ചേർപ്പിൽ ചാരായം കുടിച്ച് രണ്ട് ആളുകൾ ചത്തുപോയതിനെപ്പററി നിയമസഭയിൽ നടന്ന കോലാഹലങ്ങളും മറന്നുപോകാറായിട്ടില്ല.

എന്നിട്ടും, വൈപ്പിലെ ചാരായമരണം, ഏത് അനീതിയും സഹിക്കുന്ന നമ്മുടെ നാട്ടുകാരെപ്പോലും ക്ഷോഭിപ്പിച്ചു. സംഭവസ്ഥലത്തുള്ള പല ചാരായഷാപ്പുകൾക്കും കള്ളുഷാപ്പുകൾക്കും ജനക്കൂട്ടം തീവെച്ചു. മദ്യവില്പനശാലകളെയും അവയിലൂടെ വിഷച്ചാരായം വില്ക്കുന്ന കോൺട്രാക്ടർമാരെയും രക്ഷിക്കാൻ സർക്കാരിന് സായുധപ്പോലീസിനെ നിയോഗിക്കേണ്ടിവന്നു.

ത്വരിതമായി നടപടി എടുത്തില്ല എന്ന ആക്ഷേപം ഇക്കാര്യത്തിലെങ്കിലും സർക്കാരിനെതിരെ ഉണ്ടാകുമെന്നു തോന്നുന്നില്ല. നാടിനുവേണ്ടി പൊരുതി മരിക്കുന്ന വീരജവാന്മാരുടെ വീട്ടുകാർക്കു നല്കുന്ന തോതിലല്ലെങ്കിലും, മോശമല്ലാത്ത നിലയിൽ, ചാരായം കുടിച്ച് അന്തരിച്ചവരുടെ ആശ്രിതർക്ക് സഹായധനം സർക്കാർ എത്തിച്ചുകൊടുത്തു; കാഴ്ച നഷ്ടപ്പെട്ടവർക്കും ഉദാരമായി സഹായധനം നല്കപ്പെട്ടു. ഡയാലിസിസ് അടക്കമുള്ള വിദഗ്ദ്ധ ചികിത്സ ആയിരക്കണക്കിനു മദ്യപന്മാർക്കു നിർലോഭം ലഭിച്ചു. മെഡിക്കൽ മന്ത്രി മറെറല്ലാ പരിപാടികളും ഉപേക്ഷിച്ച് സംഭവസ്ഥലത്തു പാർത്ത് ദുരിതനിവാരണത്തിൽ പൂർണ ശ്രദ്ധ ചെലുത്തി.

കോൺട്രാക്ടർമാർ അറസ്റ്റ് ചെയ്യപ്പെട്ടു. എക്സൈസ് ഉദ്യോഗസ്ഥന്മാർ സസ്പെൻഷനിലായി; നിയമത്തിന്റെ ചക്രങ്ങൾ, ഞരങ്ങിയും പതുക്കെയും ആണെങ്കിലും, മുറയ്ക്കു തിരിഞ്ഞു തുടങ്ങി.

പത്രങ്ങളാണെങ്കിൽ, ഈ ദുരന്തത്തിൽനിന്ന് തികച്ചും മുതലെടുക്കുക തന്നെ ചെയ്തു. ഓണമുടക്കവും പണിമുടക്കവുംകൊണ്ട് അല്പസ്വല്പം അസ്വാധീനം നേരിട്ടാലും, പത്രങ്ങൾ ഈ ശോകാന്തനാടകത്തിലെ നായകന്മാരുടെയും വില്ലന്മാരുടെയും അവരുടെ സഹായികളുടെയും എല്ലാം ചിത്രങ്ങളും പൂർണ വിവരങ്ങളും പണിപ്പെട്ടു തേടിപ്പിടിച്ച് പര്യാപ്തമാംവിധം പ്രസിദ്ധീകരിച്ചു.

ഇനിയോ?

ഇനി ഒരു ജുഡീഷ്യൽ അന്വേഷണംകൂടിയുണ്ടാവും. ചില എക്സൈസ് ഉദ്യോഗസ്ഥന്മാരുടെമേൽ ചില്ലറ നടപടികൾ ഉണ്ടായേക്കാം. ചിലർക്കൊക്കെ ചുരുങ്ങിയ പക്ഷം സ്ഥലംമാററമെങ്കിലും കിട്ടുകയും ചെയ്യാം.

കോൺട്രാക്ടർമാരുടെ പേരിലും, അവർക്കു വിഷമദ്യം നല്കിയതായി സംശയിക്കപ്പെടുന്നവരുടെ പേരിലും കോടതികളിൽ കേസ്സുകൾ കുറേക്കാലത്തേക്കു നടന്നുകൂടെന്നില്ല.

പിന്നെ?

പിന്നെ, ചാരായത്തിന്റെ പുഴ വീണ്ടും ഒഴുകും. ആളുകൾ ഇതെല്ലാം ക്രമേണ മറക്കും. മറന്നില്ലെങ്കിൽത്തന്നെ, മദ്യദാഹം അവരെ വീണ്ടും ഷാപ്പുകളിലെത്തിക്കും. ഇതേ ദാഹത്തിൽനിന്നു മുതലെടുത്തുകൊണ്ട് ഷാപ്പുടമ

കൾ ഇനിയും കള്ളച്ചാരായം വില്ക്കും. ഏറിയോ കുറഞ്ഞോ ഈ ദുരന്തം തുടർന്നുകൊണ്ടു പോവും. മദ്യമെന്ന പേരിൽ വിഷം ഇനിയും എത്രയോ കാലം ഇവിടെ വിതരണം ചെയ്യപ്പെടാനാണു സാദ്ധ്യത.

ഇതിനെന്താണ്  പ്രതിവിധി?

'പൂർണമായ മദ്യനിരോധം' എന്നാണ് പലരുടെയും ഉത്തരം. ഇന്ത്യയിൽ മദ്യനിരോധം ഏർപ്പെടുത്തണമെന്ന് നമ്മുടെ ഭരണഘടന അനുശാസിക്കുന്നുണ്ട്. പല സ്റ്റേററുകളും ഇവിടെ പൂർണമോ ഭാഗികമോ ആയി മദ്യനിരോധം കുറെ കാലത്തെങ്കിലും ഏർപ്പെടുത്തി നോക്കുകയുണ്ടായി. ചുരുങ്ങിയതു് ഒരു സ്റ്റേററിൽ എങ്കിലും—ഗുജറാത്തിൽ—ഇപ്പോഴും മദ്യനിരോധം നിലനില്ക്കുകയും ചെയ്യുന്നു. എന്തുകൊണ്ട് കേരളത്തിലും പൂർണമായ മദ്യനിരോധം നടപ്പിലാക്കിക്കൂട?

ചുരുങ്ങിയതു് രണ്ടു കാരണങ്ങൾകൊണ്ട്, മദ്യനിരോധനം കേരളത്തിൽ നടപ്പിലാക്കുന്നതു് അസാദ്ധ്യമായിരിക്കും. ഒന്നാമതു്, നിയമം മൂലം മദ്യവില്പന തടയുന്നതോടെ കള്ളവാററും കള്ളച്ചാരായ വില്പനയും കുടിൽവ്യവസായമായി തഴച്ചു വളരുന്നതായാണ് നമ്മുടെ അനുഭവം. കേരളത്തിലെ ബഹുജനങ്ങൾ മദ്യം ആവശ്യപ്പെടുന്നു. അവർക്കു മദ്യം നല്കുന്നതിലും, അതിലൂടെ സ്വല്പം വരുമാനം തങ്ങൾക്ക് ഉണ്ടാക്കുന്നതിലും തീരെ എതിർപ്പില്ലാത്തവരാണ് ഇവിടെ മദ്യനിരോധനിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥവർഗം. ഈ നിലയിൽ മദ്യനിരോധം കേരളത്തിൽ വെറും പ്രഹസനമായിത്തീരാൻ ഏറെ ദിവസങ്ങൾ വേണ്ട. ഇതാണ് നമ്മുടെ കൈപ്പേറിയ അനുഭവം.

നമ്മളുടേതുപോലെ, എല്ലും പല്ലുമില്ലാത്ത ഒരു ജനാധിപത്യത്തിനു്, ബഹുജന പിൻതുണയുള്ള നിയമങ്ങൾകൂടി ശരിക്കു നടപ്പിലാക്കുക പ്രയാസമായിരിക്കും. പിന്നെയല്ലേ ബഹുജനങ്ങൾ എതിർക്കുന്ന, മദ്യനിരോധം പോലെയുള്ള, ഒരു സദാചാരനിയമം നടപ്പിലാക്കുക?

മദ്യനിരോധം നടപ്പിലാക്കുന്നതിനെതിരെയുള്ള രണ്ടാമത്തെ വാദഗതി, സ്റ്റേററിന്റെ മുതലെടുപ്പിന്റെ ഏഴിലൊരു ഭാഗം മദ്യവില്പനയിൽ നിന്നു കിട്ടുന്ന പലതരം നികുതികളാണെന്നതാണ്. 1982–ൽ കേരളസർക്കാരിന്റെ ആകെ വരുമാനം 441.6 കോടി രൂപയാണെന്നു മതിച്ചപ്പോൾ, അതിൽ 64 62 കോടി മദ്യനികുതിയിൽനിന്നും മദ്യഷാപ്പ് ലേലത്തിൽ നിന്നുമുള്ള വരുമാനമായിരിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതു്. വരുമാനത്തിൽ ഏഴിലൊന്ന് നഷ്ടപ്പെട്ടു് ഇവിടെ ഭരണം നടത്താൻ ആർക്കെങ്കിലും കഴിയുമോ?

മദ്യനിരോധം നടപ്പിൽ വരുത്താതിരിക്കുന്നതിന് ഇപ്പറഞ്ഞ രണ്ടു കാരണങ്ങളേക്കാൾ പ്രബലമായ മറെറാരു കാരണംകൂടിയുണ്ടു്. നമ്മുടെ ജനാധിപത്യ വ്യവസ്ഥയെ ഇന്നു താങ്ങിനിറുത്തുന്നതു്, മദ്യഷാപ്പ് കോൺട്രാക്ടർമാരാണ്: എല്ലാ രാഷ്ട്രീയകക്ഷികൾക്കും നിർലോഭം പണം കൊടുക്കുന്നതു് അവരാകുന്നു. അവർ മടിശ്ശീല അഴിച്ചാലല്ലാതെ ഇവിടെ ഒരു രാഷ്ട്രീയകക്ഷിക്കും തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ആവില്ല. ഈ നിലയിൽ മദ്യഷാപ്പ് കോൺട്രാക്ടർമാർ എന്ന ഒരു വർഗത്തെ ഇല്ലാതാക്കുന്ന മദ്യനിരോധം നടപ്പിൽ വരുത്താൻ ഏതു രാഷ്ട്രീയകക്ഷിയാണ് തയ്യാറാവുക? രാഷ്ട്രീയകക്ഷികൾ തയ്യാറാവാതെ മദ്യനിരോധം എങ്ങനെ നടപ്പിൽ വരും?

മദ്യനിരോധം അസാധ്യമെങ്കിൽ, ചാരായമെന്ന പേരിൽ കുടിച്ചാലുടൻ മരിക്കുന്ന വിഷം ഷാപ്പുകളിലൂടെ വിതരണം ചെയ്യപ്പെടുന്നതെങ്കിലും തടയാൻ വല്ല മാർഗവുമുണ്ടോ?

പഞ്ചസാരമില്ലുകളിലെ ഒരു ഉപോത്പന്നം ആയാണ് ഇപ്പോൾ ഇന്ത്യയിൽ ചാരായം നിർമിക്കപ്പെടുന്നതു്. സർക്കാരിൽനിന്ന് ലൈസൻ

സ് നേടിയവർക്കേ മില്ലുകാർ ഈ ഉല്പന്നം വില്ക്കുകയുള്ളു. ഓരോ കോൺട്രാക്ടർക്കും വാങ്ങാവുന്ന ചാരായം ഇത്രയെന്നു നിശ്ചയിച്ച്, അതു വാങ്ങാനുള്ള ലൈസൻസ് സർക്കാർ കൊടുക്കുന്നു. 'ഈ മിനിമം ക്വോട്ട'ക്കു പുറമേ, കൂടുതൽ ചാരായം ആവശ്യമുള്ള കോൺട്രാക്ടർമാർക്ക്, ലിററർ ഒന്നിന് രണ്ടു രൂപ എന്ന നിരക്കിൽ അധിക നികുതി ചുമത്തി, കൂടുതൽ ചാരായം വാങ്ങാനുള്ള ലൈസൻസും സർക്കാർ നല്കുന്നു.

പഞ്ചസാരമില്ലുകളിലുണ്ടാകുന്നതു് 'റെക്ടിഫൈഡ്' സ്പിരിററ്' ആണ്. ഇതിൽ വെള്ളം കലർത്തിയാൽ ചാരായമായി. ചാരായത്തിൽ 42.8 ശതമാനം ആൽക്കഹോൾ ആയിരിക്കണമെന്നാണ് നിയമം. ഒരു ലിററർ ചാരായത്തിന് മില്ലുകാർക്ക് കോൺട്രാക്ടർ നൽകുന്ന വില രണ്ടു രൂപ അറുപതു പൈസയാണ്. ഈ ചാരായം വാങ്ങി കുപ്പിയിൽ ആക്കി വില്ക്കുകയേ കോൺട്രാക്ടർ ചെയ്യേണ്ടൂ. ഒരു ലിററർ ചാരായത്തിന് അയാൾ ഉപഭോക്താക്കളോടു വാങ്ങുന്നതു് ഇരുപത്തഞ്ചുമുതൽ മുപ്പത്തഞ്ചു വരെ രൂപയാണ്. അതായതു്, ഒരുകുപ്പി ചാരായം വിററാൽ കോൺട്രാക്ടർക്ക് ഇരുപത്തിരണ്ടു രൂപ നാല്പതു പൈസമുതൽ മുപ്പത്തിരണ്ടുരൂപാ നാല്പതു പൈസവരെ ലാഭം കിട്ടുന്നു.

ഈ ലാഭത്തിൽനിന്നാണ് കോൺട്രാക്ടർ ഷാപ്പു നടത്താനുള്ള ചെലവുകൾ നിർവഹിക്കുന്നതും, സർക്കാരിലേക്കു ലേലത്തുക അടയ്ക്കുന്നതും, അതു് അടയ്ക്കാതിരിക്കാൻ കേസ്സു നടത്തുന്നതും, രാഷ്ട്രീയപ്പാർട്ടികൾക്കു സംഭാവന നല്കുന്നതും, ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി കൊടുക്കുന്നതും, പഞ്ചനക്ഷത്ര ഹോട്ടലുകൾ നിർമിക്കുന്നതുമെല്ലാം.

ചെലവുകൾ അമിതമായി വർദ്ധിക്കുമ്പോൾ കോൺട്രാക്ടർക്കു കിട്ടുന്ന ലാഭം അപര്യാപ്തമായിത്തീരുന്നു. അപ്പോൾ പഞ്ചസാരമില്ലുകളിൽനിന്നു കിട്ടുന്ന, 42.8 ശതമാനം ആൽക്കഹോൾ ഉള്ള ചാരായം വാങ്ങാതെ കോൺട്രാക്ടർ വിലകുറഞ്ഞ മററു സാധനങ്ങൾ വാങ്ങി ചാരായമെന്ന പേരിൽ വില്ക്കുന്നു. മുമ്പ് പുനലൂരിലും ഇപ്പോൾ വൈപ്പിലും വിററ ചാരായത്തിൽ റെക്ടിഫൈഡ് സ്പിരിററിനു പകരം ചേർത്തിരുന്നതു് 'മെത്തിലൈറഡ്' 'സ്പിരിററ്' ആയിരുന്നുവത്രേ. കത്തിക്കാനും, രാസവ്യവസായങ്ങൾക്കും മററും ഉപയോഗിക്കുന്ന ഈ വിഷസ്പിരിററിനു വില റെക്ടിഫൈഡ് സ്പിരിററിനേക്കാൾ കുറവാണ്. (ഒരു ലിറററിന് അമ്പതു പൈസ എന്ന നിരക്കിലാണത്രേ ഈ കുറവ്). അപ്പോൾ, വിഷസ്പിരിററുകൊണ്ടു് ചാരായമുണ്ടാക്കി വിററാൽ കോൺട്രാക്ടർക്ക് ഒരു ലിറററിന് അമ്പതു പൈസ അധികലാഭം കിട്ടും. തൃപ്പൂണിത്തുറയിൽ ഒരു കെമിക്കൽ ഫാക്ടറിയിൽനിന്ന് ഇങ്ങനെ ചുരുങ്ങിയ വിലയ്ക്കു വാങ്ങിയ മെത്തിലൈറഡ് സ്പിരിററ് ആണ് വൈപ്പിലെ കൂട്ടമരണത്തിനു കാരണമായതെന്നു പറയപ്പെടുന്നു.

മദ്യം കുടിച്ച് ചിലരെങ്കിലും മരിച്ചു കഴിഞ്ഞാലല്ലാതെ, ഷാപ്പിൽ വില്ക്കുന്ന മദ്യത്തിന്റെ ഉള്ളടക്കമെന്തെന്ന് സാധാരണഗതിയിൽ ആരും പരിശോധിക്കാറില്ല. അതു പരിശോധിക്കുന്നതിനുള്ള തെർമോമീററും ഹൈഡ്രോമീററും മററ് ഉപകരണങ്ങളും ഓരോ ഷാപ്പിലും സൂക്ഷിച്ചിരിക്കണമെന്നും, എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് അവ ലഭ്യമാക്കണമെന്നും, നിയമമുണ്ടെങ്കിലും, ഈ നിയമം ആരും പാലിക്കാറില്ല. എന്തെങ്കിലും അപകടമുണ്ടായതായി റിപ്പോർട്ടു കിട്ടിയാൽ, അതുണ്ടായതായി സംശയിക്കപ്പെടുന്ന ഷാപ്പിലെ മദ്യത്തിന്റെ സാമ്പിൾ എടുത്ത് പരിശോധനയ്ക്കായി തിരുവനന്തപുരത്ത് അയയ്ക്കുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്. തിരുവനന്തപുരത്തുവെച്ചു നടക്കുന്ന പരിശോധനയുടെ ഫലം അറിയുമ്പോഴേക്കും സംഭവിച്ച അപകടം ആളുകൾ മിക്കവാറും മറന്നു കഴിഞ്ഞിരിക്കും.

ചാരായത്തിൽ വിഷം കലർത്തുന്നതിനു പ്രതിവിധിയായി,

സർക്കാർതന്നെ ശരിയായ ചാരായം കുപ്പിയിലാക്കി മുദ്രവെച്ച് കോൺട്രാക്ടർമാർക്കു കൊടുക്കാൻ ആലോചിച്ചു വരുന്നതായി എക്സൈസ് മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ഈ നടപടി ഒരിക്കലും ഒരു പ്രതിവിധിയല്ല. കുപ്പിക്കണക്കിനു സർക്കാർ ഡെപ്പോകളിൽനിന്ന് ചാരായം വാങ്ങാൻ കഴിവുള്ള പണക്കാരായ കുടിയന്മാർക്ക് ഇതുമൂലം പ്രയോജനമുണ്ടായേക്കാം. പക്ഷേ, ഷാപ്പുകളിൽ നടക്കുന്ന വ്യാജച്ചാരായവില്പന തടയാനും, അവിടെച്ചെന്ന് ഏതാനും 'മില്ലി' അകത്താക്കുന്നവരെ രക്ഷിക്കാനും ഇതുകൊണ്ടു സാദ്ധ്യമാവുകയില്ല. കുപ്പിയിലെ ലേബലും സീലും വില്പനക്കാർക്കു വ്യാജമായി നിർമിക്കാവുന്നതേയുള്ളു. വിലയേറിയ വിദേശമദ്യമെന്ന പേരിൽ വിപുലമായ വ്യാജമദ്യവ്യാപാരം ഇപ്പോൾത്തന്നെ ഈ നാട്ടിൽ നിലനില്ക്കുന്നുണ്ടെന്ന് അറിയാത്തവർ ചുരുക്കമായിരിക്കും.

മാത്രമല്ല, സർക്കാരിന്റെ അനുഗ്രഹത്തോടെ കോൺട്രാക്ടർമാർ നടത്തുന്ന വ്യാപകമായ നിയമാനുസൃത മദ്യവില്പനയ്ക്കു പുറമെ, വളരെ വ്യാപകമായതോതിൽ നിയമവിരുദ്ധമായ വ്യാജമദ്യവാറ്റും വ്യാജവില്പനയും നാട്ടിലാകെ നടന്നുവരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ പൂർണമായ അനുഗ്രഹത്തോടെയാണ് ഈ വ്യാജവ്യവസായം തഴച്ചുവളരുന്നത്. കോൺട്രാക്ടർമാർ മാത്രമേ ചിലപ്പോഴെങ്കിലും ഈ വ്യാജവ്യവസായത്തിൽ എതിർപ്പു പ്രകടിപ്പിക്കുന്നുള്ളു. എതിർക്കുന്നത് നിഷ്ഫലമെന്നു മനസ്സിലാക്കിയതിനാലാവാം, വ്യാജമദ്യവ്യവസായത്തിലെ ഉല്പന്നങ്ങൾ കോൺട്രാക്ടർമാർ വിലയ്ക്കു വാങ്ങി നിയമാനുസൃതഷാപ്പുകളിലൂടെ വിറ്റഴിക്കുന്നതും ദുർലഭമല്ല.

വ്യാജച്ചാരായത്തോടു മത്സരിച്ചു ജയിക്കുവാൻ 'സർക്കാർച്ചാരായ'ത്തിന് സാധിക്കുമെന്നു കരുതിക്കൂടാ. മുമ്പു പറഞ്ഞപോലെ, എല്ലും പല്ലുമില്ലാത്ത നമ്മുടെ ജനാധിപത്യത്തിന് കീഴടക്കാനോ മെരുക്കാനോ കഴിയാത്ത ഒരു രാക്ഷസനായി വളർന്നു കഴിഞ്ഞിട്ടുണ്ട് വ്യാജച്ചാരായ നിർമാണവും വില്പനയും.

അപ്പോൾപ്പിന്നെ എന്തു ചെയ്യണം?

അതു വിദഗ്ദ്ധന്മാർ തീരുമാനിക്കട്ടെ. ഒരു സാധാരണ നിരീക്ഷകനെന്ന നിലയിൽ എനിക്കു തോന്നുന്നത്, കള്ളു ചെത്തുന്നതിലും ചാരായം വാറ്റുന്നതിലും ഇന്നുള്ള നിയന്ത്രണങ്ങൾ എല്ലാം എടുത്തു കളയുകയാവും തമ്മിൽഭേദമെന്നാണ്. ഉടൻ മരണത്തിന് ഇടവരുത്താത്ത കള്ള് സുലഭമാകട്ടെ. മരിക്കും മുമ്പ്, തങ്ങൾ കുടിച്ച വിഷച്ചാരായം വാറ്റിയത് ആരാണെന്ന അറിവെങ്കിലും കുടിയന്മാർക്ക് ഉണ്ടാകുകയും ചെയ്യട്ടെ. ആ അറിവ് കുടിയന്മാർക്കു കൈവരുമെന്ന് ഉറപ്പുണ്ടെങ്കിൽ ഇന്നത്തേപ്പോലെ അറിഞ്ഞുകൊണ്ടുതന്നെ വിഷച്ചാരായം വില്ക്കാൻ ഷാപ്പുടമകൾ ധൈര്യപ്പെടുകയില്ല. സർക്കാരിന് വരുമാനം വില്പനനികുതിയിലൂടെ ഉണ്ടാകുകയും ചെയ്യാം.

10 ഒക്ടോബർ, 1982

## 66. വിദ്യാലയങ്ങൾക്കരികെ മദ്യഷാപ്പുകൾ

ഈയാണ്ടിൽ ഓണക്കാലത്ത് കൊച്ചിയ്ക്കടുത്തുള്ള വൈപ്പ് ദ്വീപിൽ സംഭവിച്ച മദ്യദുരന്തം പലതും അനുഭവിച്ചു മരവിച്ച കേരളത്തിന്റെ മനസ്സാക്ഷിയെപ്പോലും നടുക്കിയിരിക്കുകയാണല്ലോ. വിഷമദ്യം കുടിച്ചതിന്റെ ഫലമായി അവിടെ ചുരുങ്ങിയത് എഴുപത് ആളുകളെങ്കിലും മരിക്കുകയും